(എ) വനിതാ വ്യവസായസംരംഭകർക്ക് ക്ലിപ്പ് പദ്ധതിയിൽ എന്തെങ്കിലും മുൻഗണന ലഭ്യമാണോ;

(ബി) ഇല്ലെങ്കിൽ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കെങ്കിലും വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഇളവുകൾ അനുവദിക്കുന്നതിൽ മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വനിതാ വ്യവസായസംരംഭകർക്ക് നിലവിലുള്ള വ്യവസായ പദ്ധതികളിൽ ലഭിക്കുന്ന മുൻഗണനകൾ കേരള ലോക്കൽ ഇൻഡസ്ട്രി പ്രൊമോഷൻ പ്രോഗ്രാം (ക്ലിപ്പ്) പദ്ധതിയിലും ലഭ്യമാണ്. ക്ലിപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത വയബിളായ എല്ലാ പദ്ധതികളും വനിതാ സംരംഭകരുടേതുൾപ്പെടെ തുടങ്ങാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

(ബി) ക്ലിപ്പ് പദ്ധതിയിൽ പിന്നോക്കവിഭാഗത്തിൽപ്പെട്ടവർക്കോ വനിതകൾക്കോ മാത്രമായി പ്രത്യേക പാക്കേജൊന്നും പ്രഖ്യാപിച്ചിട്ടില്ല. ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത വയബിളായ എല്ലാ പദ്ധതികൾക്കും പ്രത്യേകം പരിഗണന നൽകി യൂണിറ്റ് തുടങ്ങാനുള്ള സംവിധാനം ഒരുക്കുകയാണ് ലക്ഷ്യം.

സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ മന്ദബുദ്ധി വികസന കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ

30 [3544] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പാങ്ങപ്പാറയിൽ പ്രവർത്തിച്ചുവരുന്ന സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ മന്ദബുദ്ധി വികസനകേന്ദ്രം സ്വയംഭരണ സ്ഥാപനമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിലെ സ്റ്റാഫ് പാറ്റേണിന് എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഇപ്പോൾ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 23-11-1995-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 45/95/സാക്ഷേവ. അനുബന്ധം I ആയി ചേർക്കുന്നു.†

(ബി) ഇല്ല. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുബന്ധം II ആയി ചേർക്കുന്നു.†

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly